## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5340 | 23.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

**ഖരമാലിന്യത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അനിൽ അക്കര | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ഖരമാലിന്യത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്ത് നടത്തിവരുന്നുണ്ടോ; വിശദമാക്കുമോ; | (എ) | വ്യാവസായിക അടിസ്ഥാനത്തിൽ ഖരമാലിന്യത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ നടത്തിവരുന്നില്ല. എന്നാൽ കൊടകര, നരിക്കുനി, വാണിമേൽ, ആമ്പല്ലൂർ, പോത്താനിക്കാട്, കാലടി, നെടുമ്പാശ്ശേരി, ഉദയംപേരൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജൈവ ഖര മാലിന്യത്തിൽ നിന്നും ചെറിയതോതിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതികൾ ഉണ്ട്. വയനാട്ടിലെ സുൽത്താൻ ബത്തേരിയിലും കൊച്ചിയിലെ ബ്രഹ്മപുരത്തും വ്യാവസായികാടിസ്ഥാനത്തിൽ ജൈവ മാലിന്യത്തിനൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ നിർമ്മാണത്തിന്റെ പ്രാരംഭഘട്ടത്തിലാണ്. |
| (ബി) | ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ; | (ബി) | പബ്ലിക് മാർക്കറ്റുകളിലെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും, അതിൽ നിന്നും ലഭ്യമാകുന്ന വൈദ്യുതി ലഭ്യമാകുന്ന വൈദ്യുതി ഉപയോഗപ്പെടുത്തി പബ്ലിക് മാർക്കറ്റ്, അതിനോട് ചേർന്ന ജംഗ്ഷനുകൾ എന്നിവിടങ്ങളിൽ തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനുമാണ് നിലവിലുള്ള പദ്ധതികൾ കൊണ്ട് ലക്ഷ്യമിടുന്നത്. |
| (സി) | പദ്ധതി നടപ്പാക്കുന്നതിനുള്ള ധനാഗമമാർഗ്ഗം എങ്ങിനെയാണ് കണ്ടെത്തിയിരിക്കുന്നതെന്നു വിശദീകരിക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുകയിൽ നിന്നുമാണ് നിലവിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ